(ഡി) അവസ്സ ടെൻഡർ കൊടുക്കുകയോ ആർഡർ കൊടുക്കുകയോ ചെയ്തിട്ടുണ്ടോ ;

(ഈ) പദ്ധതിക്കുവേണ്ട വിദേശനാണ്യം അനുവദിച്ചുകിട്ടിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇതുവരെയുള്ള പ്രവർത്തനത്തിന്റെ സംക്ഷിപ്ത വിവരം കാണിക്കുന്ന ഒരു റിപ്പോർട്ട് മേശപ്പുറത്തു വെച്ചിട്ടുണ്ട്.* ഈ പദ്ധതിക്കുവേണ്ടി ഡിസംബർ 1963 വരെ 41.89 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) ഏകദേശം 216 ലക്ഷം രൂപ ചെലവു വരുന്നതാണ്.

(സി) പൈപ്പുകൾക്കു വേണ്ടിവരുന്ന ഉരുക്ക് അമേരിക്കയിൽനിന്നും വരുത്തി പൈപ്പു നിർമ്മാണം കൊച്ചിയിൽ നടത്തുന്നതാണ്. റെർബയിനുകളും ജനറേറ്ററുകളും ജപ്പാനിൽനിന്നും വാങ്ങുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റു വൈദ്യുതോപകരണങ്ങളും വാങ്ങുന്നതിനുള്ള കരാറുകളും പൂർത്തിയായിട്ടില്ല.

(സി) പെൻസ്റ്റോക്ക് പൈപ്പുകളുണ്ടാക്കുന്നതിനുള്ള ഉരുക്ക് വാങ്ങുന്നതിനും അവയിൽനിന്നും പൈപ്പുകൾ നിർമ്മിക്കുന്നതിനുമുള്ള ആർഡറുകൾ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. റെർബയിനുകൾക്കും ജനറേറ്ററുകൾക്കുമുള്ള കോൺട്രാക്റ്റുകൾ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ട്രാൻസ്ഫോമറുകൾക്കും സ്വിച്ച് ഗിയറുകൾക്കും ലഭിച്ച ടെണ്ടറുകൾ പരിഗണിച്ചുവരുന്നു.

(ഈ) അണക്കെട്ടിനുവേണ്ടിയുള്ള കേബിളുകൾ, സ്റ്റീൽ പ്ലേറ്റുകൾ റെർബയിനുകൾ ജനറേറ്ററുകൾ എന്നിവയുടെ ഇറക്കുമതിക്കാവശ്യമായ വിദേശനാണ്യം അനുവദിച്ചു കിട്ടിയിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇവിടെത്തന്ന വിവരങ്ങളിൽനിന്നും മനസ്സിലാകുന്നത് അവിടെ കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി വളരെ സാവധാനത്തിലേ നടക്കുന്നുള്ളുവെന്നാണ്. ഏത്ര കോൺട്രാക്റ്റർമാർക്കാണ് ഈ കെട്ടിട നിർമ്മാണത്തിനു കോൺട്രാക്റ്റു കൊടുത്തിട്ടുള്ളത് ? അവിടെ കോൺട്രാക്റ്റു എടുത്തിട്ടുള്ള കോൺട്രാക്റ്റരും ഇതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ചില അലോഹ്യം കാരണം വളരെയധികം കാലതാമസം നേരിടുന്നുവെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : കെട്ടിടനിർമ്മാണം സാവധാനത്തിലല്ല നടക്കുന്നത്, ഏത്ര കോൺട്രാക്റ്റർമാക്കാണ് അതു കൊടുത്തിരിക്കുന്നതെന്നുള്ളവിവരം എന്റെ കൈവശമില്ല. എത്രയും വേഗം പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഇതിനെ സംബന്ധിച്ചുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ എത്രമാത്രം പൂർത്തിയാക്കിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ലാൻഡ് അക്വിസിഷൻ നടപടികൾ മിക്കവാറും പൂർത്തിയായിട്ടുണ്ട്.

Consumers, Co-operatives സ്ഥാപിക്കുന്നതിനുള്ള പരിപാടി

*596. [11] ശ്രീ. എം സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യത്തിനു ക്ഷേമ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

Consumers, Co-operatives സ്ഥാപിക്കുന്നതിനുള്ള പരിപാടി എത്രമാത്രം പുരോഗമിച്ചു ?

---

* Appendix I.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) : Centrally sponsored Scheme അനുസരിച്ച് നഗരപ്രദേശങ്ങളിലും, ഗ്രാമപ്രദേശങ്ങളിലും, വ്യവസായ സ്ഥാപനങ്ങളിലും ഉപഭോക്തൃസഹകരണസംഘങ്ങളും സ്ഥാപിക്കുന്നതിനു് ഉദ്ദേശിക്കുന്നു.

നഗരപദ്ധതികൾ.—അൻപതിനായിരമോ, അതിലധികമോ ജനസംഖ്യയുള്ള നഗരങ്ങളും, പട്ടണങ്ങളും ഈ സ്കീമിൽ ഉൾപ്പെടുന്നതാണു്. ഒരു പട്ടണത്തിനു് ഒരു മൊത്ത വ്യാപാരശാലയും, ഇരുപതു് ചെറുകിട ശാഖാ വ്യാപാരശാലകളും എന്ന തോതനുസരിച്ചു് ഒൻപതു് മൊത്തവ്യാപാരശാലകളും, 180 ചെറുകിട ശാഖാവ്യാപാരശാലകളും നമ്മുടെ സ്റ്റേറ്റിൽ അനുവദിച്ചുതന്നിട്ടുണ്ടു്. ഇതിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോടു് എന്നീ സ്ഥലങ്ങളിൽ മൂന്നു് മൊത്തവ്യാപാരശാലകളും, 1962–63–ൽ തന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. ബാക്കിയുള്ള ആറു വ്യാപാരശാലകൾ കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാടു്, കണ്ണൂർ എന്നീ പട്ടണങ്ങളിൽ ഈ വർഷവും ആരംഭിച്ചിട്ടുണ്ടു്. ആകെ അനുവദിച്ചിട്ടുള്ള 180 ചെറുകിട ശാഖാ വ്യാപാരശാലകളിൽ 33 ചെറുകിട സ്റ്റോറുകളും, 53 ശാഖാ സ്റ്റോറുകളും ഇതുവരെ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടു്. ബാക്കിയുള്ള ചെറുകിട ശാഖാസ്റ്റോറുകൾ തുറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ഗ്രാമപദ്ധതി.—നഗരപദ്ധതിയോടനുബന്ധിച്ചുതന്നെ ഗ്രാമപ്രദേശങ്ങളിൽ വില്ലേജു് ക്രെഡിറ്റു് വിവിധോദ്ദേശ സർവ്വീസു് മാർക്കറ്റിംഗു് എന്നീ സംഘങ്ങൾ മുഖേന ഉപഭോക്തൃവസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രഗവണ്മെൻറു് അനുവദിച്ചിട്ടുണ്ടു്. ആയിരം വില്ലേജു് സൊസൈറ്റികളും, 35 മാർക്കറ്റിംഗു് സൊസൈറ്റികളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തും. 665 വില്ലേജു് ക്രെഡിറ്റു് വിവിധോദ്ദേശ സർവ്വീസു് സൊസൈറ്റികളും 22 മാർക്കറ്റിംഗു് സൊസൈറ്റികളും ഇതുവരെയായി ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവന്നിട്ടുണ്ടു്. വില്ലേജു് സൊസൈറ്റികൾ ചില്ലറ വിതരണം നടത്താനും, മാർക്കറ്റിംഗു് സൊസൈറ്റികൾ വില്ലേജു് സൊസൈറ്റികളുടെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുന്നതിനുമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു്.

വ്യവസായസ്ഥാപനങ്ങളിലെ ഉപഭോക്തൃസഹകരണ സംഘങ്ങളുടെ സംഘടന.—ചുരുങ്ങിയതു് 250 തൊഴിലാളികളെങ്കിലുമുള്ള വ്യവസായ സ്ഥാപനങ്ങളിലും, ചെറുകിട ഉപഭോക്തൃസഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിനു് സെൻട്രലി സ്പോൺസേർഡു് സ്കീം ഉദ്ദേശിച്ചിട്ടുണ്ടു്. ഇപ്പോൾ ഇങ്ങനെയുള്ള 278 വ്യവസായ സ്ഥാപനങ്ങൾ ഈ സ്റ്റേറ്റിലുണ്ടു്. 10 ചെറുകിട സ്റ്റോറുകൾ സർക്കാരുടമയിലുള്ളതും, സർക്കാർ സഹായധനം നൽകിയിട്ടുള്ളതുമായ വ്യവസായ സ്ഥാപനങ്ങളിലും 23 സ്റ്റോറുകൾ സ്വകാര്യ ഉടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിലും ഇതിനകം സംഘടിപ്പിച്ചിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇന്ന ഗവണ്മെൻറിന്റെ ഈ പദ്ധതിയനുസരിച്ചുള്ള മിക്ക സംഘങ്ങളും ജില്ലാ തലസ്ഥാനങ്ങളിൽ ഒതുങ്ങിനിൽക്കുന്നതാണെന്നും അതു് താലൂക്കു് തലസ്ഥാനങ്ങളിലേക്കുകൂടി വ്യാപിപ്പിക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടെന്നുമാണു് മുൻപു പറഞ്ഞതു്. ആ ഉദ്ദേശത്തിനനുസരിച്ചു് എത്ര സൊസൈറ്റികൾ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു് ?

ശ്രീ. ഈ. പി. പൗലോസ് : ഇപ്പോൾ ഗ്രാമപദ്ധതി എന്ന ഹെഡ്ഡിംഗിൽ ഗ്രാമങ്ങളിലേക്കുവേണ്ടി ഗ്രാമനിലവാരത്തിൽ ഈ സവ്വീസു് സൊസൈറ്റികൾ പെറിയ തോതിൽ സ്ഥാപിച്ചു് ന്യായമായ വിലക്കു് സാധനങ്ങൾ ഉപഭോക്താക്കൾക്കു് വിതരണം ചെയ്യുന്നതിനുള്ള നടപടികളാണു സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ഗ്രാമപ്രദേശങ്ങളിൽ ഈ സൊസൈറ്റികൾ തുടങ്ങുന്നതിനു് അനുവാദം കൊടുക്കുമ്പോൾ അവക്കു് കൂടുതൽ സാമ്പത്തിക ബാദ്ധ്യത വരുന്നതുകൊണ്ടു് ഗ്രാൻറായോ ലോണായോ ഏതെങ്കിലും ഇനത്തിൽ കുറെ തുക അവക്കു് കൊടുക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ്: ഗ്രാമങ്ങളോടുള്ള എല്ലാ സംഘങ്ങൾക്കും ആവശ്യമുള്ള ക്രെഡിറ്റ് കൊടുക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടാണ് സപ്ലൈസ് സൊസൈറ്റികൾക്ക് ഈ ചുമതലകൊടുക്കുന്നത്. ജില്ലാ തലസ്ഥാനങ്ങളിലുള്ള സൊസൈറ്റികൾക്ക് കുറെ ക്രെഡിറ്റു കൊടുത്തിട്ടുണ്ട്. ഗ്രാമങ്ങളിലുള്ള എല്ലാ സൊസൈറ്റികൾക്കും ആവശ്യമുള്ള ക്രെഡിറ്റ് കൊടുക്കാൻ സാധിക്കുമോ എന്നുള്ള കാര്യം ഗവണ്മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ഹസ്സൻ ഗനി : ഡിസ്ട്രിക്റ്റു കോവാപ്പറേറ്റീവ് സൊസൈറ്റികൾക്കു ഗവണ്മെന്റിൽനിന്നു നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ? ആ ആനുകൂല്യങ്ങൾ ചെറുകിട സൊസൈറ്റികൾക്ക് ലഭിക്കുന്നുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : ചെറുകിട സൊസൈറ്റികൾക്ക് അതായതു ജില്ലാ തലസ്ഥാനങ്ങളിലെ സൊസൈറ്റികൾക്ക് ആവശ്യമായി നൽകുന്ന ക്രെഡിറ്റിൽനിന്ന് കൊടുക്കുന്നതിനുള്ള ഏർപ്പാടുകളുണ്ട്, അവയുടെ കീഴിൽ 20 ശാഖാസ്റ്റോറുകളാണുള്ളതു്. നാട്ടിൻപുറങ്ങളിൽ സ്ഥാപിക്കുന്നതായ സ്റ്റോറുകൾക്ക് പരിമിതമായ രീതിയിൽ ലോണോ മറ്റോ കൊടുക്കുകയല്ലാതെ കൂടുതലായി കൊടുക്കുന്നതിനു് സാദ്ധ്യമല്ല.

ശ്രീ. പി. വി, കുഞ്ഞുണ്ണി നായർ : പ്രാദേശിക കൺസ്യൂമേഴ്സ് സൊസൈറ്റികൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് സംസ്ഥാന ജില്ലാ താലൂക്ക് അടിസ്ഥാനത്തിൽ കോവാപ്പറേറ്റീവ് സൊസൈറ്റികൾ ഇല്ലാത്തതുകൊണ്ട് വരുന്ന വിഷമത്തെ പരിഗണിച്ച് സംസ്ഥാന ജില്ലാ താലൂക്ക് അടിസ്ഥാനത്തിൽ ഹോംസെയിൽ കോവാപ്പറേറ്റീവ് സൊസൈറ്റികൾ തുടങ്ങാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : ജില്ലാ തലസ്ഥാനങ്ങളിലുള്ള കോവാപ്പറേറ്റീവ് സൊസൈറ്റികളുടെ കാര്യമാണ് ഞാൻ മുൻപു പറഞ്ഞതു്. അതിന്റെ കീഴിലുള്ള 20 ശാഖാസ്റ്റോറുകൾക്കാണ് ഇപ്പോൾ സപ്ലൈ ചെയ്യുന്നതു്. ബാക്കിയുള്ള സർവ്വീസ് കോവാപ്പറേറ്റീവ് സൊസൈറ്റികൾക്കും സാധനങ്ങൾ സപ്ലൈ ചെയ്യാൻ സാധിക്കുമോ എന്നുള്ള കാര്യം ആലോചിക്കാം.

ശ്രീ. സി. അച്യുതമേനോൻ : ഈ ഹോംസെയിൽ സൊസൈറ്റികൾ തന്നെ ചരക്കുകൾ വാങ്ങിക്കുന്നതു് എവിടെ നിന്നാണ്? അവർ സാധനങ്ങൾ വാങ്ങിക്കുന്നതു് ഓപ്പൺ മാർക്കറ്റിൽനിന്നാണോ ? അതോ അവർക്ക് ന്യായമായ വിലയ്ക്കു് സാധനങ്ങൾ സപ്ലൈ ചെയ്യാൻ വല്ല ഏർപ്പാടും ഗവണ്മെന്റ് ചെയ്തിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : ഇപ്പോൾ അവർ വെളിയിൽനിന്നു് അരി മുതലായ ചില സാധനങ്ങൾ വാങ്ങിക്കുന്നുണ്ട്. അല്ലു് അവർക്ക് കുറെ ബുദ്ധിമുട്ടാണ്. അതേപ്പറ്റി അവരിൽനിന്നു് ചില നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്. മില്ലേഴ്സിൽനിന്നു് ചില സാധനങ്ങൾ വാങ്ങുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്തുകൊടുക്കുന്നതാണു്. ഇപ്പോൾ അവർ സാധനങ്ങൾ വാങ്ങിക്കുന്നതു് ഓപ്പൺ മാർക്കറ്റിൽ നിന്നാണ്.

പാൽ വിതരണം

* 597. [12] ശ്രീ. പി. സി. രാഘവൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലാകെ എത്ര പാൽ വിതരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടു് ; ജില്ലാ അടിസ്ഥാനത്തിലെത്ര ;

(ബി) പരിഷ്കരിച്ച രീതിയിലുള്ള പാസ്ചറൈസേഷൻ സംപ്രദായം നടപ്പാക്കിയതെവിടെയെല്ലാം ;

(സി) കോഴിക്കോട്ടെ പാസ്ചറൈസേഷൻ സ്കീമിനു് ഇതിനകം ചെലവഴിച്ച തുകയെത്ര ;

(ഡി) അതിന്റെ പ്രവർത്തനം ഇപ്പോൾ ഏതവസ്ഥയിലിരിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly